**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3040** **13-07-2022 - ൽ മറുപടിയ്ക്ക്**

**റോഡ് പ്രവൃത്തികളുടെ ഗുണനിലവാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് റോഡ് പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; അവ ഫലപ്രദമായി നടപ്പിലാക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) | പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പൊതുമരാമത്ത് ക്വാളിറ്റി കൺട്രോൾ വിഭാഗത്തെ ശക്തിപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ നേതൃത്വത്തിൽ റീജ്യണൽ ക്വാളിറ്റി കൺട്രോൾ ലാബും മറ്റ് ജില്ലകളിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ നേതൃത്വത്തിൽ ജില്ലാ ക്വാളിറ്റി കൺട്രോൾ ലാബുകളും പ്രവർത്തിക്കുന്നുണ്ട്.<br><br>പൊതുമരാമത്ത് റോഡ് പ്രവൃത്തികൾ ഓരോ ഘട്ടത്തിലും ഗുണനിലവാരം ഉറപ്പ് വരുത്തി അംഗീകൃത മാനദണ്ഡങ്ങൾ പാലിച്ച് ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിലാണ് നടപ്പിലാക്കി വരുന്നത്. നിർമ്മാണ പ്രവർത്തനങ്ങൾക്ക് 3 തലത്തിലുള്ള ഗുണമേന്മ പരിശോധന നിർബന്ധമാക്കിയിട്ടുണ്ട്. പൊതുമരാമത്ത് ക്വാളിറ്റി മാന്വൽ പ്രകാരം 15 ലക്ഷം രൂപയ്ക്ക് മുകളിലുള്ള എല്ലാ പ്രവൃത്തികൾക്കും Ist tier ഗുണനിലവാര പരിശോധനകൾ നിർബന്ധമാക്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് കരാറുകാരന് ബിൽ നൽകുന്നത്. രണ്ടു കോടി രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾക്ക് കോൺട്രാക്ടർ സ്വന്തം ചെലവിൽ ക്വാളിറ്റി ലാബ് സജ്ജമാക്കണമെന്ന് സ്റ്റാൻഡേർഡ് ബിഡ് ഡോക്യുമെന്റ് പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. രണ്ടാം ഘട്ട ഗുണനിലവാര പരിശോധനയിൽ, പ്രവൃത്തികൾ നടക്കുമ്പോൾ ക്വാളിറ്റി കൺട്രോൾ ഓഫീസർമാർ സ്ഥലം സന്ദർശിക്കുകയും സൈറ്റിൽ ആവശ്യമായ ക്വാളിറ്റി പരിശോധനകൾ നടത്തുകയും പ്രവൃത്തിക്കായുള്ള മെറ്റീരിയൽസിന്റെ സാമ്പിളുകൾ ശേഖരിച്ച് ലാബുകളിൽ വിവിധ പരിശോധനകൾ |

| | | | |
|---|---|---|---|
| | | | നടത്തുകയും ആയതിന്റെ റിപ്പോർട്ട് ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് സമർപ്പിക്കുകയും ചെയ്യാറുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തുകയും ചെയ്തു വരുന്നു. കൂടാതെ ഗുണനിലവാര പരിശോധനകളുടെ ഫലം പ്രൈസ് സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.<br><br>പൊതുമരാമത്ത് ദേശീയപാതാ വിഭാഗത്തിന്റെ പരിധിയിൽ വരുന്ന പ്രവൃത്തികളിലെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് പ്രവൃത്തികൾ എല്ലാം തന്നെ, അംഗീകൃത ഷെഡ്യൂൾ, MoRTH സ്പെസിഫിക്കേഷൻ എന്നിവ പ്രകാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ മേൽ നോട്ടത്തിൽ നടപ്പിലാക്കി വരുന്നു. |
| (ബി) | മിക്കറോഡുകളും നിർമ്മാണം കഴിഞ്ഞ് ചുരുങ്ങിയ കാലയളവിൽ തന്നെ പൊട്ടിപ്പൊളിഞ്ഞ് സഞ്ചാരയോഗ്യമല്ലാതാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട് അന്വേഷണം നടത്താറുണ്ടോ; വിശദമാക്കാമോ; | (ബി) | പൊതുമരാമത്ത് വകുപ്പിനു കീഴിലുള്ള റോഡുകൾ പ്രളയവും മറ്റ് പ്രകൃതി ക്ഷോഭങ്ങളും മൂലമല്ലാതെ അറ്റകുറ്റപ്പണി നടത്തി ചുരുങ്ങിയ കാലയളവിനുള്ളിൽ തകരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ വാട്ടർ അതോറിറ്റിയുടെ ജലവിതരണ പൈപ്പുകൾ സ്ഥാപിക്കുന്നതിനായും വിവിധ കേബിളുകൾ സ്ഥാപിക്കുന്നതിനായും പൊതുമരാമത്ത് റോഡുകൾ വെട്ടിപൊളിക്കുന്നതുമൂലവും നിശ്ചിത കാലാവധിക്കുശേഷം പുന:സ്ഥാപിക്കാത്തതുമൂലവും റോഡുകൾ മോശമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രവൃത്തികളുടെ ബാദ്ധ്യതാകാലയളവിൽ ഉണ്ടാകുന്ന തകരാറുകൾ കരാറുകാരന്റെ ചെലവിൽ പരിഹരിച്ചുവരുന്നു. പ്രവൃത്തികൾ സംബന്ധിച്ച് പരാതികൾ ഉണ്ടാകുന്ന സാഹചര്യങ്ങളിൽ പൊതുമരാമത്ത് വകുപ്പ് വിജിലൻസ് വിഭാഗം അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (സി) | ഇത്തരം കേസുകളിൽ കുറ്റക്കാർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; കഴിഞ്ഞ അഞ്ച് വർഷക്കാലത്തെ നടപടികൾ വിശദമാക്കാമോ? | (സി) | ഇത്തരം കേസുകളിൽ കുറ്റക്കാരായ കരാറുകാർക്കെതിരെ കരാർ വ്യവസ്ഥകൾ പ്രകാരവും ഉദ്യോഗസ്ഥർക്കെതിരെ സർവ്വീസ് വ്യവസ്ഥകൾ പ്രകാരവും നടപടികൾ സ്വീകരിക്കുന്നുണ്ട്. കരാറുകാരൻ ഗുണനിലവാരമില്ലാത്ത പ്രവൃത്തികൾ നടത്തിയാൽ അവ കരാറുകാരന്റെ സ്വന്തം ചെലവിൽ നീക്കം ചെയ്ത് ഗുണനിലവാരത്തോടുകൂടി പുനർ നിർമ്മിക്കാൻ പുതുക്കിയ പൊതുമരാമത്ത് മാന്വൽ പ്രകാരം വ്യവസ്ഥ ചെയ്യുന്നുണ്ട്. കൂടാതെ ഗുണനിലവാരമില്ലാത്ത |

| | | | |
|---|---|---|---|
| | | | പ്രവൃത്തികൾ നടത്തുന്ന കരാറുകാരുടെ ലൈസൻസ് പുതുക്കി നൽകാതിരിക്കുന്നതിനും മാന്വലിൽ വ്യവസ്ഥയുണ്ട്.<br><br>കഴിഞ്ഞ അഞ്ച് വർഷക്കാലത്ത് 60 റോഡ് പ്രവൃത്തികളിൽ ഗുണ നിലവാരവുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ കണ്ടെത്തുകയും ടി ക്രമക്കേടുകൾക്ക് ഉത്തരവാദികളായ 139 ഉദ്യോഗസ്ഥരിൽ 24 പേരെ സസ്പെന്റ് ചെയ്യുകയും, അതിൽ 23 പേർക്കെതിരെ സസ്പെൻഷനെത്തുടർന്ന് അച്ചടക്ക നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.115 പേർക്കെതിരെ കുറ്റപത്രം / കുറ്റാരോപണ പത്രിക, കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുമുണ്ട്.<br><br>കഴിഞ്ഞ അഞ്ച് വർഷക്കാലത്തിനിടയിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ